## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2814

20.6.2013- ൽ
മറുപടിക്ക്

### കയർ മേഖലയിലെ തൊഴിലില്ലായ്മ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. കെ.ദാസൻ<br>" എസ്.ശർമ്മ<br>" എ.എം.ആരിഫ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ മേഖലയിൽ നിലനിൽക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിക ൾ വിശദമാക്കാമോ? | (എ) കയർ മേഖലയിൽ നിലനിൽക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി തൊഴിലാളികൾക്ക് അ വരുടെ തൊഴിൽ ദിനങ്ങൾക്കനുസരിച്ച് ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ - സഹായത്തോടെ വരുമാനം ഉറപ്പാക്കൽ പ ദ്ധതി നടപ്പിലാക്കി വരുന്നു. ഈ പ ദ്ധതി പ്രകാരം കയർ പിരി, ഡീഫൈബറിംഗ് മേഖലകളിൽ തൊഴിലാളി കളുടെ കൂലിയിൽ ഒരു വിഹിതം സർക്കാർ നേരിട്ട് നൽകുന്ന പ ദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>കയർ പിരി തൊഴിലാളികളുടെ കൂലി 150/- രൂ പയിൽ നിന്നും 210/- രൂ പയായും 01.05.2013 മുതൽ 260/- രൂ പയായും ഉൽപ്പന്നമേഖലയിലെ കുറഞ്ഞ കൂലി 200/- ൽ നിന്നും 285/- രൂ പയായും 01.03.2013 മുതൽ 360/- രൂ പയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>സംഘങ്ങൾക്ക് നൽകിയിരുന്ന പ്രവർത്തന മൂലധന ഗ്രാന്റിന്റെ പരിധി മാറ്റ്സ് & മാറ്റിംഗ്സ്- സ ംഘങ്ങൾക്ക് 7.5 ലക്ഷം രൂ പയിൽ നിന്നും 10 ലക്ഷം രൂ പയായും മറ്റു സംഘങ്ങൾക്ക് 5.00 ലക്ഷത്തിൽ നിന്നും 7.5 ലക്ഷം രൂ പയായും വർദ്ധിപ്പിച്ചു. 2011-12 വർഷത്തിൽ 388 - സ ംഘങ്ങൾക്ക് 9,54,73,406/- രൂ പയും 2011-12 വർഷത്തിൽ 440 സ ംഘങ്ങൾക്ക് 8,96,92,648/- രൂ പയും ഈ വർഷം ഈ ഇനത്തിൽ 76 - സ ംഘങ്ങൾക്ക് 1,40,25,260/- രൂ പയും |

| | |
|---|---|
| | അനുവദിച്ചിട്ടുണ്ട്. തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തൊണ്ട് സംഭരണം ശക്തമാക്കുവാൻ കയർ പിരി - സംഘങ്ങൾക്ക് 1,00,000/- രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകിയും പച്ച ത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽ നിന്നും 10 പൈസയായി വർദ്ധിപ്പിച്ചു തൊണ്ടു സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിനബത്ത 100/- രൂപയിൽ നിന്നും 150/- രൂപയായി വർദ്ധിപ്പിച്ചു. ഇതൊക്കെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഉതകും വിധം നടപ്പിലാക്കുന്ന പദ്ധതികളാണ്. |
| (ബി) ഇതിനായി സ്വീകരിച്ച നടപടികൾ ഫലപ്രദമാണോ എന്ന കാര്യം വിലയിരുത്തുകയുണ്ടായോ; തുടർനടപടികൾ വല്ലതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിവിധ തലത്തിൽ വിലയിരുത്തിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ ഉണ്ടാകുന്ന പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) കയർ ഉത്പന്നങ്ങളുടെ വില സ്ഥിരതാ പദ്ധതി ഈ മേഖലയിൽ ഉദ്ദേശിച്ച ഫലം ഉണ്ടാക്കിയിട്ടുണ്ടോ? | സി) ചെറുകിട കയറുല്പന്ന സംഘങ്ങളിൽ നിന്ന് കയറുൽപ്പന്നങ്ങൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ച് കയറ്റുമതിക്കാരിലൂടെ വിപണനം ചെയ്യുന്ന ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതുമൂലം ഉല്പ്പന്നങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥയ്ക്ക് കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരവും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും കയറുല്പന്നങ്ങളുടെ കയറ്റുമതിയിൽ കാര്യമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. ഡിപ്പോ സമ്പ്രദായത്തെ നിരുത്സാഹപ്പെടുത്താൻ ക്രയവില സ്ഥിരതാ |

| | |
|---|---|
| | പ ദ്ധതി സഹായകമായിട്ടുണ്ട്. ഇതിനായി കയർ കോർപ്പറേഷന് 2012-13-ൽ 18.396 കോടി രൂ പ നൽകിയിട്ടുണ്ട്. |
| ഡി) കയർ തൊഴിലാളികൾ നടത്തിയ സമരത്തെ തുടർന്ന് ഉണ്ടാക്കിയ ഒത്തു തീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായി രുന്നു? അ വ നടപ്പിലാക്കിയിട്ടുണ്ടോ? | ഡി) 24.04.2013-ന് ബഹു. റവന്യൂ-കയർ വകുപ്പു മന്ത്രിയുടെ അ ദ്ധ്യക്ഷതയിൽ സംഘടനാ നേതാക്കളുമായി കയർ മേഖലയിലെ വിഷയങ്ങൾ - സ ർക്കാർ ചർച്ച ചെയ്തിരുന്നു. കയർഫെഡ് കയർ സംഭരണം നടത്തുന്നതിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ട ായിട്ടുണ്ട് എന്നും അത് കയർ ഉല്പാദനം വർദ്ധിച്ചു എന്നതിന് തെളിവാണെന്നും 300/- രൂപയായിരുന്ന കയർ തൊഴിലാളി പെൻഷൻ 400/- രൂപയായും, ഇപ്പോൾ അത് 500/- രൂപയായും വർദ്ധിപ്പിച്ചതും ഉല്പന്ന മേഖലയിലെ കൂലി 200/- രൂപയിൽ നിന്ന് 285/- രൂപയായും, പിന്നീട് 01.03.2013 മുതൽ 360/- രൂപയും വർദ്ധിപ്പിച്ചതും കയർപിരി മേഖലയിൽ കൂലി വർദ്ധിപ്പിക്കേണ്ട ത് അനിവാര്യമാണെന്നും, പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിയ്ക്കുകയും ആവശ്യപ്പെട്ട സംഘങ്ങൾ ക്കെല്ലാം തന്നെ പ്രവർത്തന മൂലധനം അനുവദി ക്കുകയും ചെയ്തിട്ടുണ്ട് എന്നും ബഹു. മന്ത്രി പ്രസ്തുത മീറ്റിംഗിൽ അറിയിച്ചിരുന്നു. തുടർന്ന് കയർ പിരി മേഖലയിലെ കൂലി 260/- ആയി വർദ്ധിപ്പിച്ചു തീരുമാനമെടുക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ